"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - പുനർവിന്യാസം - കാർഷിക വികസന കർഷകക്ഷേമ വകുപ്പിൽ നിന്നും പുനർവിന്യാസ ക്ലർക്കായി സേവനമനുഷ്ഠിക്കുന്ന ശ്രീമതി ബിസ്മി രാഘവൻ, ശ്രീമതി. ജ്യോതി. ആർ എസ് എന്നിവരെ മാതൃവകുപ്പിലേയ്ക്ക് തിരികെ പ്രവേശിപ്പിച്ചുകൊണ്ടും പകരം ശ്രീമതി നിഷാറാണി കെ എൻ, ശ്രീ അനീഷ് ജെ എന്നിവരെ പുനർവിന്യസിച്ചുകൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇആർഎ) വകുപ്പ്**

**സ.ഉ.(സാധാ) നം.1244/2025/LSGD തീയതി,തിരുവനന്തപുരം, 21-05-2025**

---

പരാമർശം:-

1. പ്രിൻസിപ്പൽ ഡയറക്ടറുടെ 03/01/2025-ലെ LSGD/PD/43451/2024-DEH4 നമ്പർ കത്ത്.
2. കാർഷിക വികസന കർഷകക്ഷേമ വകുപ്പ് ഡയറക്ടറുടെ 15/02/2025-ലെ ADFW/2953/2020-SA4 നമ്പർ കത്ത്.
3. പ്രിൻസിപ്പൽ ഡയറക്ടറുടെ 22/03/2025-ലെ LSGD/PD/6931/2025-DEH4 നമ്പർ കത്ത്.
4. പ്രിൻസിപ്പൽ ഡയറക്ടറുടെ 25/03/2025-ലെ LSGD/PD/720/2024-DEH4 നമ്പർ കത്ത്.

**ഉത്തരവ്**

കാർഷിക വികസന കർഷകക്ഷേമ വകുപ്പിൽ നിന്നും പള്ളിരുത്തി ബ്ലോക്ക് പഞ്ചായത്തിൽ പുനർവിന്യസിച്ചിട്ടുള്ള സീനിയർ ക്ലർക്ക്, ശ്രീമതി ബിസ്മി രാഘവൻ, മല്ലപ്പള്ളി ഗ്രാമപഞ്ചായത്തിൽ പുനർവിന്യസിച്ചിട്ടുള്ള ശ്രീമതി. ജ്യോതി. ആർ എസ് എന്നിവരെ മാതൃവകുപ്പിലേയ്ക്ക് തിരികെ പ്രവേശിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ പരാമർശം (1) (2) പ്രകാരം ആവശ്യപ്പെടുകയുണ്ടായി. പത്തനംതിട്ട പ്രിൻസിപ്പൽ കൃഷി ഓഫീസിലെ ക്ലർക്ക് ശ്രീമതി. നിഷാ റാണി കെ എൻ, കൊടുമൺ കൃഷി ഭവനിലെ ക്ലർക്ക് ശ്രീ അനീഷ് ജെ എന്നിവരെ പുനർവിന്യസിക്കുന്നതിനായി വകുപ്പ് മേധാവി പരാമർശം (2) പ്രകാരം ടിയാളുകളുടെ ഓപ്ഷൻ ശിപാർശ ചെയ്ത് സർക്കാരിൽ ലഭ്യമാക്കിയിട്ടുണ്ട്. ശ്രീമതി ബിസ്മി രാഘവൻ-നെതിരെ പള്ളിരുത്തി ബ്ലോക്ക് പഞ്ചായത്തിലും ശ്രീമതി. ജ്യോതി. ആർ എസ്-നെതിരെ മല്ലപ്പള്ളി ഗ്രാമപഞ്ചായത്തിലും വിജിലൻസ് അന്വേഷണങ്ങളോ മറ്റു നടപടിക്രമങ്ങളോ നിലവിലില്ല എന്ന് പരാമർശം (3) (4) എന്നിവ പ്രകാരം പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. അതിന്റെ അടിസ്ഥാനത്തിൽ കാർഷിക വികസന കർഷകക്ഷേമ വകുപ്പിൽ നിന്നും പള്ളിരുത്തി ബ്ലോക്ക് പഞ്ചായത്തിൽ പുനർവിന്യസിച്ചിട്ടുള്ള സീനിയർ ക്ലർക്ക്, ശ്രീമതി ബിസ്മി രാഘവൻ, മല്ലപ്പള്ളി

ഗ്രാമപഞ്ചായത്തിൽ പുനർവിന്യസിച്ചിട്ടുള്ള ശ്രീമതി. ജ്യോതി. ആർ എസ് എന്നിവരെ മാതൃവകുപ്പിലേയ്ക്ക് തിരികെ പ്രവേശിപ്പിച്ചുകൊണ്ടും പകരം പത്തനംതിട്ട പ്രിൻസിപ്പൽ കൃഷി ഓഫീസിലെ ക്ലർക്ക് ശ്രീമതി നിഷാറാണി കെ എൻ-നെ തിരുവനന്തപുരം ജില്ലയിലെ നാവായിക്കുളം ഗ്രാമപഞ്ചായത്തിലേയ്ക്കും കൊടുമൺ കൃഷി ഭവനിലെ ക്ലർക്ക് ശ്രീ അനീഷ് ജെ-യെ പാലക്കാട് ജില്ലയിലെ എരിമയൂർ ഗ്രാമപഞ്ചായത്തിലേയ്ക്കും ടിയാളുകളുടെ ഓപ്ഷൻ പരിഗണിച്ചുകൊണ്ട് നിലവിലെ വ്യവസ്ഥകൾക്കു വിധേയമായി പുനർവിന്യസിച്ചുകൊണ്ടും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ദീപ റ്റി വി**

**ജോയിന്റ് സെക്രട്ടറി**

ഡയറക്ടർ, കാർഷിക വികസന കർഷകക്ഷേമ വകുപ്പ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ ഡയറക്ടർ, എൽഎസ്ജിഡി, തിരുവനന്തപുരം.
ശ്രീമതി ബിസ്മി രാഘവൻ, സീനിയർ ക്ലർക്ക്, പള്ളുരുത്തി ബ്ലോക്ക് പഞ്ചായത്ത്.(കാർഷിക വികസന കർഷകക്ഷേമ വകുപ്പ് ഡയറക്ടർ മുഖേന)
ശ്രീമതി. ജ്യോതി. ആർ എസ്, സീനിയർ ക്ലർക്ക്, മല്ലപ്പള്ളി ഗ്രാമപഞ്ചായത്ത്.(കാർഷിക വികസന കർഷകക്ഷേമ വകുപ്പ് ഡയറക്ടർ മുഖേന)
ശ്രീമതി നിഷാറാണി കെ എൻ, ക്ലർക്ക്, പ്രിൻസിപ്പൽ കൃഷി ഓഫീസ്, പത്തനംതിട്ട(കാർഷിക വികസന കർഷകക്ഷേമ വകുപ്പ് ഡയറക്ടർ മുഖേന).
ശ്രീ അനീഷ് ജെ, ക്ലർക്ക്, കൃഷി ഭവൻ, കൊടുമൺ(കാർഷിക വികസന കർഷകക്ഷേമ വകുപ്പ് ഡയറക്ടർ മുഖേന).
സെക്രട്ടറി, പള്ളുരുത്തി ബ്ലോക്ക് പഞ്ചായത്ത്/മല്ലപ്പള്ളി ഗ്രാമപഞ്ചായത്ത്/നാവായിക്കുളം ഗ്രാമപഞ്ചായത്ത്/എരിമയൂർ ഗ്രാമപഞ്ചായത്ത്.
പ്രിൻസിപ്പൽ അക്കൌണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം.
അക്കൌണ്ടന്റ് ജനറൽ (എ & ഇ), കേരളം, തിരുവനന്തപുരം.
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
ഇൻഫർമേഷൻ കേരളാ മിഷൻ, തിരുവനന്തപുരം.
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) ഡിപ്പാർട്ട്മെന്റ്. (ഗവ.വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.(LSGD-ERA1/42/2025-LSGD)

ഉത്തരവിൻ പ്രകാരം

Signed by
Suja. M
Date: 21-05-2025 15:21:44

സെക്ഷൻ ഓഫീസർ